പട്ടികവർഗ്ഗ വിഭാഗം കുട്ടിക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(സി) ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ശതമാനം മാർക്കുള്ള പട്ടികജാതി വിദ്യാർത്ഥികൾ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിശ്ചിത തീയതിക്കകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷയിൽ വിദ്യാർത്ഥിയുടേയും രക്ഷാകർത്താവിന്റേയും പേരും മേൽവിലാസവും, ലഭിച്ച മാർക്ക്, ജാതി, പഠിക്കാനുദ്ദേശിക്കുന്ന ട്യൂട്ടോറിയൽ കോളേജിന്റെ പേരും മറ്റു വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം. അതിന് പ്രത്യേകമായി അപേക്ഷാഫോറമില്ല. പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട ഫോറത്തിലല്ലാതെ ലഭിക്കുന്ന അപേക്ഷകൾ നിരസിക്കാറില്ല.

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള അപേക്ഷാഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പട്ടികജാതി വിദ്യാർത്ഥികൾക്ക് അപേക്ഷാഫോറം ആവശ്യമില്ല. ധനസഹായം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ ട്യൂട്ടോറിയൽ സ്ഥാപനത്തിലെ പഠനം വിജയകരമായി പൂർത്തിയാക്കുകയും എന്നാൽ പരീക്ഷയ്ക്ക് ഹാജരാകാതിരിക്കുകയും ചെയ്താൽ ലഭിച്ച തുക സർക്കാരിന് തിരിച്ച് നൽകാൻ തയ്യാറാണെന്നുള്ള രേഖാമൂലമായ ഒരു ഉറപ്പ്, വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളിൽനിന്ന് ധനസഹായം വിതരണം ചെയ്യുന്നതിന് മുമ്പ് ജില്ലാ പട്ടികജാതി വികസന ഓഫീസർ എഴുതി വാങ്ങി സൂക്ഷിക്കാറുണ്ട്.

തിരുവില്വാമല എം.ആർ.എസ്. നിശ്ചിത സ്ഥലത്തുതന്നെ നിലനിർത്താൻ നടപടി

64 [5441] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവില്വാമല എം.ആർ.എസ്. നിർമ്മിക്കുവാൻ ഭൂമി ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത ഭൂമി സ്കൂൾ നിർമ്മിക്കുവാൻ അനുയോജ്യമാണെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയിരുന്നുവോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ ഈ സ്കൂൾ മറ്റെവിടേക്കെങ്കിലും മാറ്റിക്കൊണ്ടുപോകാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) തിരുവില്വാമല ഗ്രാമപഞ്ചായത്തുതന്നെ സ്കൂൾ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ സന്നദ്ധരായിരിക്കെ പ്രസ്തുത സ്കൂൾ നിശ്ചിത പ്രദേശത്തുതന്നെ നിലനിർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഉറപ്പു വരുത്തിയിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഭൂമി വകുപ്പിന് കൈമാറ്റം ചെയ്ത് കിട്ടിയെങ്കിലും ടി സ്ഥലത്ത് കയ്യേറ്റം നടത്തുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കളക്ടർ അറിയിച്ചതിനെത്തുടർന്ന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ ശ്രമമാരംഭിച്ചു. ആയതിന് പ്രയാസം നേരിടുന്ന പക്ഷം നേരത്തെ കൈമാറ്റം ചെയ്ത ഭൂമിയിൽ കയ്യേറ്റത്തിനുശേഷം ബാക്കിനിൽക്കുന്ന കീഴ്ക്കാംതൂക്കായ സ്ഥലത്ത് കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയാൻ നിർവ്വാഹമില്ലെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചതിനാൽ മറ്റൊരു സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിവരുന്നു.

(ഡി) അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(ഇ) എം.ആർ.എസ്.-ന് അനുയോജ്യമായ ഭൂമി ലഭ്യമാക്കാമെന്ന സമ്മതം പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടില്ല.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഐ.ടി.സി.-കൾ

65 [5442] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഗവൺമെന്റ് ഐ.ടി.സി.-കൾ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഈ ഐ.ടി.സി.-കളിൽ നിലവിൽ എന്തെല്ലാം ട്രേഡുകളിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന എണ്ണം ഐ.ടി.സി.-കൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു:

1.	തിരുവനന്തപുരം	..	9 എണ്ണം
2.	കൊല്ലം	..	3 ,,
3.	പത്തനംതിട്ട	..	2 ,,
4.	കോട്ടയം	..	4 ,,
5.	ആലപ്പുഴ	..	2 ,,
6.	എറണാകുളം	..	1 ,,
7.	തൃശ്ശൂർ	..	8 ,,
8.	പാലക്കാട്	..	3 ,,
9.	മലപ്പുറം	..	4 ,,
10.	കോഴിക്കോട്	..	2 ,,
11.	കണ്ണൂർ	..	1 ,,
12.	കാസർഗോഡ്	..	2 ,,

LIBRARY ARCHIVES Kerala Legislative Assembly